**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 578** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Shri. A. K. Saseendran**<br>**(വനം, വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2002 ഒക്ടോബർ 30ന് മുമ്പ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ പ്രവർത്തനാനുമതി ഇല്ലാത്തതുമായ തടിമില്ലുകൾക്കും മരാധിഷ്ഠിത വ്യവസായശാലകൾക്കും ഫോറസ്റ്റ് ലൈസൻസ് നൽകുന്നതിന് വനംവകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതെങ്കിലും നിബന്ധനകളുടെ അടിസ്ഥാനത്തിലാണോ ഇപ്രകാരം ലൈസൻസ് പുതുക്കുന്നത്; വിശദാംശം നൽകുമോ; | (ബി) | അതെ. Kerala Forest (Regulation of Sawmills and Other Wood – based Industrial Units) Rules, 2021 ചട്ടം 3 (3) പ്രകാരം, മന:പൂർവ്വമല്ലാത്തതോ, മറ്റ് ന്യായമായ കാരണങ്ങളാലോ മുൻകാലങ്ങളിൽ അനുവദിച്ച സമയ പരിധിക്കുള്ളിൽ ഫോറസ്റ്റ് ലൈസൻസിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തവരും, സംസ്ഥാനത്ത് 30.10.2002 ന് മുൻപ് മുതൽ പ്രവർത്തിച്ച് വരുന്നതുമായ തടിമില്ല് ഉൾപ്പെടെയുള്ള മരാധിഷ്ഠിത വ്യവസായ സ്ഥാപന ഉടമകൾക്ക് ഫോറസ്റ്റ് ലൈസൻസിനായും, കൂടാതെ ചട്ടം 3(6) അനുസരിച്ച് വ്യക്തമായ കാലാവധി രേഖപ്പെടുത്താത്ത ലൈസൻസ്/ എൻ.ഒ.സി, ഉപയോഗപ്പെടുത്തി പ്രവർത്തിച്ചുവരുന്നതുമായ സാമിൽ/മരാധിഷ്ഠിത വ്യവസായങ്ങൾക്ക് കാലാവധി രേഖപ്പെടുത്തിയ പുതിയ ലൈസൻസ് ലഭിക്കുന്നതിനുമുള്ള അപേക്ഷകൾ ടി നിയമം നിലവിൽ വന്ന തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ലൈസൻസ് പുതുക്കുന്നതിനായി ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്രയെണ്ണത്തിന് ലൈസൻസ് അനുവദിച്ചു? | (സി) | 12.02.2021 ലെ G.O(P) No.2/2021/F&WLD (SRO No.162/2021) നിലവിൽ വന്നതിനു ശേഷം 30.10.2002 ന് മുമ്പ് പ്രവർത്തനം ആരംഭിച്ച മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നതിനായി 141 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. മേൽ പറഞ്ഞ അപേക്ഷകളിൽ 4 എണ്ണത്തിന് ബന്ധപ്പെട്ട ആതറൈസ്ഡ് ഓഫീസർമാർ അനുമതി നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ